പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :4237 | 19.10.2011-ന് മറുപടിയ്ക്ക്

കളിമൺ പാത്ര നിർമ്മാണത്തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ദാസൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| സംസ്ഥാനത്ത് കളിമൺ പാത്ര നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ച പരമ്പരാഗത വിഭാഗങ്ങളെ സംരക്ഷിക്കാൻ സർക്കാർ തലത്തിലുള്ള ക്ഷേമപദ്ധതികൾ ഏതെല്ലാമാണ് എന്ന് വിശദമാക്കുമോ? | കളിമൺ പാത്ര നിർമ്മാണ തൊഴിലാളികൾക്ക് കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളാകുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി പദ്ധതിയിൽ അംഗങ്ങളായവർക്ക് പദ്ധതി പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. കൂടാതെ, കേരള സംസ്ഥാനത്തെ കളിമൺ പാത്ര നിർമ്മാണ തൊഴിലാളികളുടെ ക്ഷേമത്തിനും പെൻഷനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി "2011-ലെ കേരള കളിമൺ പാത്ര നിർമ്മാണ തൊഴിലാളി ക്ഷേമനിധിപദ്ധതി" എന്ന പദ്ധതിയും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ